പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2529 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികളുടെ രക്ഷകർത്താക്കൾക്കുള്ള വിവാഹ ധനസഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എം. നസീർ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

(എ) നിർദ്ധനരായ പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിന് രക്ഷകർത്താക്കൾക്ക് പട്ടികജാതി വകുപ്പു വഴി ലഭിക്കുന്ന ധനസഹായം ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം 2024-25 സാമ്പത്തിക വർഷം വരെ ലഭിച്ച അപേക്ഷകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തികവർഷം മുതൽ മുടക്കം കൂടാതെ ടി ധനസഹായം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

മറുപടി: നടപ്പ് സാമ്പത്തിക വർഷം 70 കോടി രൂപ ടി പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണന ക്രമത്തിൽ കുടിശിക അപേക്ഷകൾക്ക് ധനസഹായം വിതരണം ചെയ്യുവരുന്നുണ്ട്. കൂടാതെ, ഇത്തരത്തിലുള്ള കുടിശിക അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രത്യേക പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ